**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2715** **13-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ലോട്ടറി ഘടന പരിഷ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആകർഷകവും ഗുണകരവുമായ കേരള സംസ്ഥാന ലോട്ടറിയുടെ ഘടന പരിഷ്കരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | എല്ലാ ബുധനാഴ്ചകളിലും നറുക്കെടുക്കുന്ന ഫിഫ്റ്റി-ഫിഫ്റ്റി ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം ഒരുകോടി രൂപയായി ഉയർത്തി. 5000 രൂപയുടെ സമ്മാനങ്ങളുടെ എണ്ണവും മറ്റ് പ്രതിവാര ഭാഗ്യക്കുറികളിൽ നല്കുന്നതിലും അധികമായി ഉയർത്തി. ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിലും വർദ്ധനവ് വരുത്തി സമ്മാനഘടനയിൽ ആകർഷകമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. മറ്റ് പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനങ്ങളുടെ എണ്ണം 56 ശതമാനത്തിൽനിന്നും 60 ശതമാനമായി ഉയർത്തിയിട്ടുണ്ട്. തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം 25 കോടിയായി ഉയർത്തി വകുപ്പിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന ഒന്നാം സമ്മാനം നല്കി. മറ്റു സമ്മാനങ്ങളുടെ എണ്ണത്തിലും വർദ്ധനവ് വരുത്തി ജനകീയമാക്കാൻ സാധിച്ചു. മറ്റ് ബമ്പർ ഭാഗ്യക്കുറികളുടെ സമ്മാനത്തുകയിലും എണ്ണത്തിലും വർദ്ധനവ് വരുത്തി ആകർഷകം ആക്കിയിട്ടുണ്ട്. |
| (ബി) | ഒന്നാം സമ്മാനം വിഭജിച്ച് കൂടുതൽ പേർക്ക് നൽകുന്ന തരത്തിൽ വർഷത്തിൽ രണ്ടു ലോട്ടറികൾ എങ്കിലും ഇറക്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഭാഗ്യക്കുറിയുടെ പ്രധാന ആകർഷണം ഒന്നാം സമ്മാനമാണ്. ഒന്നാം സമ്മാനത്തിനു പുറമേ ഒട്ടനവധി സമ്മാനങ്ങളാണ് നിലവിൽ നല്കി വരുന്നത്. നിലവിൽ വില്പന നടത്തുന്ന ക്രിസ്തുമസ് - ന്യൂ ഇയർ ബമ്പർ ഭാഗ്യക്കുറിയുടെ രണ്ടാം സമ്മാനം ഒരു കോടി രൂപ വീതം പത്തുപേർക്ക് നല്കുന്നുണ്ട്. കൂടാതെ പ്രതിവാര ഭാഗ്യക്കുറികളുടെ മൂന്നാം സമ്മാനം നിരവധി പേർക്ക് നല്കുന്നുണ്ട്. ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം നിരവധി പേർക്ക് നല്കുന്ന രീതിയിൽ സമ്മാനഘടന അവതരിപ്പിച്ച ടിക്കറ്റിനു ജനങ്ങളുടെ ഇടയിൽ വേണ്ടത്ര സ്വീകാര്യത ലഭിക്കാത്തതിനാൽ പ്രസ്തുത സമ്മാനഘടന ഒഴിവാക്കുകയാണ് ഉണ്ടായത്. |

| | | | |
|---|---|---|---|
| (സി) | ആനുപാതികമായി ലോട്ടറി ഏജന്റുമാർക്കും ലോട്ടറി കച്ചവടക്കാർക്കും ഇൻസെന്റീവ് വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ഓണം ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകൾക്കാണ് ഇൻസെന്റീവ് അനുവദിച്ച് വരുന്നത്. മുൻവർഷങ്ങളിലെപ്പോലെ ഈ വർഷത്തെ ഓണം ബമ്പർ ടിക്കറ്റിനും അതേ നിരക്കിൽ ഇൻസെന്റീവ് അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ